THE VILLAGE
INTERNATIONAL SCHOOL
“We Nurture Dreams”

AIM HIGH, TOGETHER WE FLY

| | | |
|---|---|---|
| **DATE**<br>**GRADE- VII** | **TERM-1 [2023-24]**<br>**MALAYALAM** | **Max marks- 40**<br>**Time – 2 Hr** |

**Name:**
**Class & Section:**

| **Qn. No** | **QUESTIONS** | Marks |
|---|---|---|
| | **SECTION A** | |
| **I** | ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് **ബ്രാക്കറ്റിൽ നിന്നും ഉത്തരം** കണ്ടെത്തി എഴുതുക.<br><br>ഏതാനും ദിവസങ്ങൾ കൂടി കഴിയുമ്പോൾ കുരുക്ഷേത്രഭൂമിയിൽ ഒരു മഹായുദ്ധം തുടങ്ങുകയാണ്. മഹാഭാരതയുദ്ധം. യുദ്ധമേതുമാവട്ടെ, അതു വിതയ്ക്കുന്നത് സർവനാശമാണെന്നും നിരപരാധികളാണ് പോരിൽ മരണം ഏറ്റുവാങ്ങുന്നതെന്നും ഇതിഹാസം നമുക്ക് മുന്നറിയിപ്പ് തരുന്നു.<br>ഗംഗയുടെ കരയിൽ ഒരു പ്രഭാതം കൂടി ആഗതമായി. സൂര്യരശ്മികൾ ഗംഗയുടെ ഓളങ്ങളിൽ മഴവില്ലുണ്ടാക്കി കളിച്ചു. പതിവുപോലെ, പ്രഭാതത്തിൽ, മഞ്ഞ് മാറും മുമ്പ് ഒരാൾ മന്ദം നടന്ന് ഗംഗയുടെ തീരത്തണഞ്ഞു. അംഗരാജ്യാധിപനായ കർണനായിരുന്നു വന്ന ആൾ. തന്റെ പിതാവായ സൂര്യദേവനെ വന്ദിക്കാനാണ് അദ്ദേഹം എത്തിയത്. ഈസമയം അവിടേക്ക് ബ്രാഹ്മണവേഷത്തിൽ ഇന്ദ്രൻ കടന്നുവന്നു. ദാനശീലനായ കർണ്ണനിൽ നിന്നും കവചകുണ്ഡലങ്ങൾ കവർന്നെടുക്കുകയായിരുന്നു ഇന്ദ്രന്റെ ലക്ഷ്യം. യുദ്ധത്തിൽ തന്റെ പുത്രനായ അർജുനനെ രക്ഷിക്കുന്നതിനാണ് ഇന്ദ്രൻ കർണ്ണനോട് കവചകുണ്ഡലങ്ങൾ ദാനമായി ആവശ്യപ്പെട്ടത്. | **5 x1= 5** |

| | | |
|---|---|---|
| | **ചോദ്യങ്ങൾ** | |
| 1. | മഹാഭാരതയുദ്ധം നടക്കുന്നത് എവിടെ?<br>A)അയോധ്യയിൽ B)കുരുക്ഷേത്രത്തിൽ C)മരുഭൂമിയിൽ | |
| 2 | കർണ്ണന്റെ രാജ്യം ഏത്?<br>A)അംഗരാജ്യം B)പാണ്ഡിരാജ്യം C)കുരുക്ഷേത്രം | |
| 3 | കർണ്ണന്റെ പിതാവ് ആര്?<br>A)ഇന്ദ്രൻ B)സൂര്യൻ C)ചന്ദ്രൻ | |
| 4 | ബ്രാഹ്മണ വേഷത്തിൽ കർണ്ണനെ കാണാൻ എത്തിയത് ആരായിരുന്നു?<br>A)സൂര്യൻ B)ഇന്ദ്രൻ C)വായു | |
| 5 | സൂര്യദേവനെ വന്ദിക്കാൻ കർണ്ണൻ ഏത് നദിക്കരയിലാണ് എത്തിയത്?<br>A)കാവേരി B)യമുന C)ഗംഗ | |
| **II** | **ചേരുംപടി ചേർക്കുക** | **(3x1=3)** |
| | 6. സ്യമന്തകം - നെടുമുടി ഹരികുമാർ<br>7. വെള്ളപ്പൊക്കത്തിൽ - കുഞ്ചൻ നമ്പ്യാർ<br>8. ഫ്ലാറ്റിലെ ഓണം - തകഴി ശിവശങ്കരപ്പിള്ള | |
| **III** | **ഉത്തരം കണ്ടെത്തുക** | **(12x1=12)** |
| **9** | മല്ലനും മലികനും ഏത് മൃഗങ്ങളാണ്?<br>A)പശുവും നായയും B)ആമയും മുയലും<br>C)പന്നിയും കുറുക്കനും | |
| **10** | ശ്രീകൃഷ്ണൻ വധിച്ച രാക്ഷസ്സസ്ത്രീ ആര്?<br>A)പൂതന B)ശൂർപ്പണഖ C)മണ്ഡോധരി | |

| | | |
|---|---|---|
| 11 | ഏത് മാസത്തിലാണ് ഓണം ആഘോഷിക്കുന്നത്?<br>A)കർക്കടകം B)ചിങ്ങം C)കന്നി | |
| 12 | വെള്ളപ്പൊക്കത്തിൽ എന്ന കഥയിലെ നായയുടെ യജമാനൻ ആര്?<br>A)കുഞ്ഞേപ്പൻ B)നാണു C)ചേന്നൻ | |
| 13 | ശരിയായ പദം കണ്ടെത്തുക<br>A)മാതുലൻ B)മാധുലൻ C)മാദുലൻ | |
| 14 | 'ദീർഘം' എന്ന പദത്തിന്റെ വിപരീതം എന്ത്?<br>A)സുദീർഘം B)ഹ്രസ്വം C)ദൈർഘ്യം | |
| 15 | 'അമ്മ' എന്ന വാക്കിന്റെ പര്യായമല്ലാത്തത് ഏത്?<br>A)മാതാവ് B)ജനനി C)ക്ഷീരം | |
| 16 | 'നാകം' എന്ന വാക്കിന്റെ അർത്ഥം എന്ത്?<br>A)പാമ്പ് B)നഗരം C)സ്വർഗം | |
| 17 | 'നക്രം' എന്ന വാക്കിന്റെ അർത്ഥം എന്ത്?<br>A)നായ B)തവള C)മുതല | |
| 18 | 'വട്ടത്തിലാവുക' എന്ന ശൈലിയുടെ പൊരുൾ എന്ത്?<br>A)കഷ്ടത്തിലാവുക B)വട്ടത്തിൽ നിൽക്കുക<br>C)വട്ടം വരക്കുക | |
| 19 | 'നിങ്ങളെ' എന്ന വാക്കിലെ പ്രത്യയം ഏത്?<br>A)അ B)ഇ C)എ | |
| 20 | 'കള്ളം' എന്ന് അർത്ഥം വരുന്ന വാക്ക് കണ്ടെത്തുക?<br>A)കുംഭം B)സത്വരം C)കൈതവം | |
| | **SECTION B** | |
| **IV** | **പിരിച്ചെഴുതുക** | **(2X1=2)** |
| 21 | കുഴലിലിരുന്ന | |
| 22 | മഹാകാവ്യമാണ് | |
| **V** | **വിഗ്രഹിക്കുക** | **(2X1=2)** |
| 23 | വെള്ളിലവള്ളി | |
| 24 | ജീവിതസംഗരം | |
| **VI** | **പദസൂര്യൻ നിർമ്മിക്കുക** | **(4X1=4)** |
| 25 | ഓണം ചേർന്നുവരുന്ന വാക്കുകൾകൊണ്ട് പദസൂര്യൻ നിർമ്മിക്കുക? | |

| | | |
|---|---|---|
| **VII** | **ഉത്തരം എഴുതുക** | **(4X2=8)** |
| **26** | "സത്യം വിജയിക്കും,ചിലപ്പോൾ അവസാനമാകുമെന്ന് മാത്രം" മല്ലന്റെ ഈ വാക്കുകൾ കഥയിൽ എങ്ങനെ പ്രതിഫലിക്കുന്നു? | |
| **27** | ശൈശവകാലത്തുള്ള സ്വഭാവം മാറുകയില്ലെന്ന് കവി സ്ഥാപിക്കുന്നത് എങ്ങനെ? | |
| **28** | "എല്ലാം ഐക്യമത്യമായി കഴിയുന്നു;ഒരു ശണ്ഠയുമില്ല." ഈ വാക്യത്തിന്റെ പ്രസക്തി എന്ത്? | |
| **29** | "യോഗമില്ലാത്തവരെന്റെ മക്കൾ" - എന്തിനെല്ലാമാണ് അവർക്ക് യോഗമില്ലാത്തത്? | |
| **VIII** | **നോട്ടീസ് തയ്യാറാക്കുക** | **(1X4=4)** |
| **30** | വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ അഭ്യർഥിച്ചുകൊണ്ട് ഒരു നോട്ടീസ് തയ്യാറാക്കുക. | |

**Prepared by: Aswathy Ravi** **Checked by:Vidhya Rajesh/ Jimmy**